# ദിവ്യസംഗീതോത്സവം 2025

## *Sacred Music Festival*

**(Jointly organised by Samajam and DSMC)**

ദിവ്യശ്രീ. സി.വി. എബ്രഹാം കശ്ശീശായുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ മകൻ ശ്രീ. ജോർജ് സി. എബ്രഹാം (യു.എസ്.എ.) ഏർപ്പെടുത്തിയ എൻഡോവ്മെന്റിന്റെയും അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ, അദ്ദേഹത്തിന്റെ എപ്പിസ്കോപ്പൽ സിൽവർ ജൂബിലിയോടനുബന്ധിച്ചു നൽകിയ എൻഡോവ്മെന്റിന്റെയും അടിസ്ഥാനത്തിലുള്ള ദിവ്യസംഗീതോത്സവം സൺഡേ സ്കൂൾ സമാജത്തിന്റെയും ഡി.എസ്.എം.സി.യുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്നതാണ്.

**നിബന്ധനകൾ**

രണ്ടു വിഭാഗങ്ങളായാണ് സംഗീതോത്സവം നടക്കുന്നത്.

1. ജൂനിയേഴ്സ് (കുമാരവകുപ്പിലെയും മദ്ധ്യവകുപ്പിലെയും കുട്ടികൾ).
2. സീനിയേഴ്സ് (ജ്യേഷ്ഠവകുപ്പിലെയും യുവവകുപ്പിലെയും കുട്ടികൾ)
3. ദിവ്യസംഗീതോത്സവത്തിനുള്ള ഗാനങ്ങൾ സമാജം വെബ്സൈറ്റിൽ ലഭ്യമാണ്.
4. ഓരോ വിഭാഗത്തിലും കുറഞ്ഞത് 5 അംഗങ്ങൾ എങ്കിലും ഉണ്ടായിരിക്കണം. പരമാവധി 7 അംഗങ്ങൾക്ക് പങ്കെടുക്കാം. ഇത് ആൺകുട്ടികളും പെൺകുട്ടികളും തനിച്ചോ, ഒരുമിച്ചോ സംഘമായി പാടാവുന്നതാണ്.
5. ഗാനാലാപനത്തിന് സംഗീതോപകരണങ്ങൾ പാടില്ല. എന്നാൽ ശ്രുതി നൽകുന്നതിന് ആവശ്യമെങ്കിൽ പിച്ച് പൈപ്പ്, മറ്റ് സംഗീത ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കാവുന്നതാണ്.
6. ഓരോ സൺഡേസ്കൂളിനും സെന്റർതലത്തിൽ രണ്ടു വിഭാഗത്തിലുമായി ഓരോ ടീമിനെ വീതം അയയ്ക്കാവുന്നതാണ്.
7. പങ്കെടുക്കുന്ന ടീമംഗങ്ങളുടെ പേരും ജനനത്തീയതിയും രേഖപ്പെടുത്തി വികാരി അച്ചൻ സാക്ഷ്യപ്പെടുത്തിയ കത്ത് ഓരോ തലത്തിലും പങ്കെടുക്കുമ്പോൾ രജിസ്ട്രേഷൻ സമയത്ത് നൽകേണ്ടതാണ്. സെന്റർ തലത്തിൽ പങ്കെടുത്തു വിജയിച്ച ടീം അംഗങ്ങൾക്ക് മാത്രമേ ഭദ്രാസന - കേന്ദ്രതലങ്ങളിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളു.
8. സെന്റർ - ഭദ്രാസനതലങ്ങളിലുള്ള ദിവ്യസംഗീതോത്സവം അതാതു തലങ്ങളിലെ താലന്തു പരിശോധനയോടൊപ്പം നടത്തേണ്ടതാണ്. ഓരോ വിഭാഗത്തിലും ജഡ്ജസ് തീരുമാനിക്കുന്ന രണ്ടു ഗീതങ്ങൾ പാടേണ്ടതാണ്.

ഗീതങ്ങൾ youtubeൽ ലഭ്യമാണ്. samajamwebsiteൽ പാട്ടുകളുടെ ലിങ്ക് നൽകിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് സമാജം ആഫീസുമായി ബന്ധപ്പെടുക.

# താലന്ത് പരിശോധന 2025

നമ്മുടെ വിവിധ കഴിവുകളും സാധ്യതകളും ദൈവം നമുക്ക് നൽകിയിരിക്കുന്ന താലന്തുകളാണല്ലോ. ഈ വരദാനങ്ങളെ നന്ദിയോടെ ദൈവസന്നിധിയിൽ സമർപ്പിക്കുന്ന അവസരങ്ങളായി താലന്തു പരിശോധനകളെ വിനിയോഗിക്കണം. ഓരോ വകുപ്പിലും പ്രത്യേകമായാണ് താലന്തു പരിശോധന നടക്കുന്നത്.

**കഥാകഥനം** : ശിശുവകുപ്പ്, ബാലവകുപ്പ്, കുമാരവകുപ്പ് എന്നീ വിഭാഗങ്ങളിൽ കഥാകഥനം ഉണ്ടായിരിക്കും. കഥ വേദപുസ്തകത്തിൽനിന്നുള്ളതായിരിക്കണം. കഥ പറയുന്നതിന് 5 മിനിറ്റ് സമയം ഉപയോഗിക്കാം. കഥാപ്രസംഗരീതി അനുവദനീയമല്ല.

**പ്രസംഗം** : മദ്ധ്യവകുപ്പ്, ജ്യേഷ്ഠവകുപ്പ്, യുവവകുപ്പ് എന്നീ വകുപ്പുകൾക്ക് പ്രസംഗം ഉണ്ടായിരിക്കും. പ്രസംഗ സമയം 4 മിനിട്ട്. വിഷയം അരമണിക്കൂർ മുമ്പ് വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്. പ്രസംഗത്തിനുള്ള വിഷയം ലഭിച്ചതിനു ശേഷം ബുക്ക്, ബൈബിൾ, മറ്റ് ഉപകരണങ്ങൾ ആദിയായവ ഉപയോഗിക്കുവാൻ പാടുള്ളതല്ല. പ്രസംഗസമയത്തും മേൽപറഞ്ഞവ ഉപയോഗിക്കുവാൻ പാടില്ല.

**ഉപന്യാസ രചന**: മദ്ധ്യവകുപ്പ്, ജ്യേഷ്ഠവകുപ്പ്, യുവവകുപ്പ് വിഭാഗങ്ങൾക്ക് ഉപന്യാസ രചന ഉണ്ടായിരിക്കും. 600 വാക്കുകളിൽ കവിയാതെ ഒരുമണിക്കൂർകൊണ്ട് ഉപന്യാസം എഴുതണം. സൺഡേസ്കൂൾ അദ്ധ്യാപകർക്കായി വകുപ്പ് അടിസ്ഥാനത്തിലല്ലാതെ ഉപന്യാസ രചന നടത്തുന്നതാണ്. അദ്ധ്യാപകരും അദ്ധ്യാപികമാരും വെവ്വേറെ വിഭാഗങ്ങൾ ആയിരിക്കും. ഉപന്യാസം എഴുതുന്നതിന് അരമണിക്കൂർ മുമ്പ് വിഷയംനൽകും. തയ്യാറാകുവാൻ ലഭിക്കുന്ന സമയത്ത് പുസ്തകങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. കുറിപ്പുകൾ തയ്യാറാക്കുവാൻ പ്രത്യേകം പേപ്പർ നൽകുന്നതാണ്. തയ്യാർ സമയംകൂടെ രചനയ്ക്ക് അനുവദിക്കുന്നതല്ല. ഉപന്യാസത്തിനുള്ള വിഷയം ലഭിച്ചതിനു ശേഷം ബുക്ക്, ബൈബിൾ, മറ്റ് ഉപകരണങ്ങൾ ആദിയായവ ഉപയോഗിക്കുവാൻ പാടുള്ളതല്ല. കുറിപ്പുകൾ രചനാസമയം കൈവശം വയ്ക്കുന്നത് അനുവദനീയമല്ല.

**സംഗീതം** : നഴ്സറി മുതൽ യുവവകുപ്പ്വരെ എല്ലാവർക്കും പങ്കെടുക്കാം. കുമാരവകുപ്പ്, മദ്ധ്യവകുപ്പ്, ജ്യേഷ്ഠവകുപ്പ്, യുവവകുപ്പ് എന്നീ വകുപ്പുകളിൽ മാത്രം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം നടത്തപ്പെടുന്നതാണ്. സന്ദർശിനിയിൽ നൽകിയിരിക്കുന്ന പ്രകാരം പൗരസ്ത്യ രീതിയിലും, പാശ്ചാത്യ രീതിയിലും ഗാനങ്ങൾ പാടേണ്ടതാണ്

പാട്ടുകൾ ക്രിസ്തീയ കീർത്തനങ്ങളിൽ നിന്നുള്ളവയാണ്. നമ്പർ പുതിയ പതിപ്പിലേതും (2017).

താലന്തുപരിശോധനയിലെ സംഗീത വിഭാഗത്തിലുള്ള ഗീതങ്ങൾ youtubeൽ ലഭ്യമാണ്. samajam websiteൽ പാട്ടുകളുടെ ലിങ്ക്നൽകിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് സമാജം ആഫീസുമായി ബന്ധപ്പെടുക.

website : samajam.marthoma.in/downloads

സമാജം : 04692600655, 9188250655

**Talent Test and Divyasangeethotsavam English Instructions available at Samajam Website.**